# കേരള സർക്കാർ
## തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്.
## വിജ്ഞാപനം

നം.8294/ഇ 1/ 2015/തൊഴിൽ

തിരുവനന്തപുരം, 2015 ഒക്ടോബർ 8.
1191 കന്നി 22.

1948-ലെ ഏറ്റവും കുറഞ്ഞ കൂലി ആക്ടിലെ (1948-ലെ 11-ാം കേന്ദ്ര ആക്ട്) 3-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് 'മിഡ് ഡേ മീൽ സ്കീം ഇൻ സ്കൂൾസ്' മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് നൽകേണ്ടതായ കുറഞ്ഞ കൂലി നിരക്കുകൾ സംബന്ധിച്ച് താഴെ പറയുന്ന പ്രകാരമുള്ള നിർദ്ദേശങ്ങൾ പ്രസ്തുത ആക്ടിലെ 5-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡം പ്രകാരം അത് ബാധകമാകാനിടയുള്ള എല്ലാ ആളുകളുടെയും അറിവിലേയ്ക്കായി ഇതിനാൽ പ്രസിദ്ധീകരിക്കുന്നു.

ഈ വിജ്ഞാപനത്തിലെ നിർദ്ദേശങ്ങൾ ഇത് പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ രണ്ടു മാസം തികയുന്ന തീയതിക്കോ അതിനു ശേഷമോ പരിഗണനയ്ക്ക് എടുക്കുന്നതാണെന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച് മേൽപ്പറഞ്ഞ തീയതിക്കോ അതിനു മുമ്പോ ഏതെങ്കിലും ആളിൽനിന്നും ലഭിച്ചേക്കാവുന്ന ആക്ഷേപങ്ങളോ നിർദ്ദേശങ്ങളോ എന്തെങ്കിലുമുണ്ടെങ്കിൽ അവയും സർക്കാർ പരിഗണനയ്ക്കെടുക്കുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു. എല്ലാ ആക്ഷേപങ്ങളും നിർദ്ദേശങ്ങളും ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി, തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം- 695 001 എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

## വേതന നിരക്കുകളും നിബന്ധനകളും

1. ഈ മേഖലയിലെ തൊഴിലാളികളുടെ വേതനം പ്രതിദിനം 350 (മുന്നൂറ്റി അൻപത്) രൂപയായി നിശ്ചയിക്കുന്നു.

2. ഈ മേഖലയിൽ 5 വർഷം സേവനം പൂർത്തിയാക്കിയ തൊഴിലാളിക്ക് സേവനം പൂർത്തിയാക്കിയ ഓരോ വർഷത്തിനും വേതനത്തിന്റെ ഒരു ശതമാനം നിരക്കിൽ പരമാവധി പതിനഞ്ച് ശതമാനം വരെ സർവ്വീസ് വെയിറ്റേജ് അനുവദിക്കേണ്ടതാണ്.

3. മേൽപ്പറഞ്ഞ മിനിമം വേതനം ലഭിക്കുന്നതിന് 250 വരെ കുട്ടികൾക്ക് ഒരു തൊഴിലാളി എന്ന ക്രമത്തിൽ തൊഴിലാളികൾ ജോലി ചെയ്യേണ്ടതും 250 എണ്ണത്തിന് മേൽ 300 വരെ കുട്ടികൾക്ക് ഉച്ചഭക്ഷണം തയ്യാറാക്കുന്ന തൊഴിലാളിയ്ക്ക് 250–ൽ കൂടുതൽ വരുന്ന ഓരോ കുട്ടിക്കും പ്രതിദിനം ഒരു രൂപ എന്ന നിരക്കിൽ പരമാവധി 50 (അൻപത്) രൂപാവരെ സ്പെഷ്യൽ അലവൻസ് അനുവദിക്കേണ്ടതുമാണ്.

4. 300 മുതൽ 500 വരെ കുട്ടികൾക്ക് രണ്ട് തൊഴിലാളികൾ ജോലി ചെയ്യേണ്ടതും 500 ന് മേൽ 600 വരെ കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യേണ്ടി വരുമ്പോൾ 500 ൽ കൂടുതലായി വരുന്ന ഓരോ കുട്ടിക്കും ഒരു രൂപാ നിരക്കിൽ പരമാവധി 100 (നൂറ്) രൂപാ വരെ രണ്ട് തൊഴിലാളികൾക്കും കൂടി സ്പെഷ്യൽ അലവൻസ് അനുവദിക്കേണ്ടതുമാണ്.

5. 600 കുട്ടികൾക്ക് മുതൽ മൂന്ന് തൊഴിലാളികൾ ജോലി ചെയ്യേണ്ടതും 800–ൽ കൂടുതൽ വരുന്ന കുട്ടികൾക്ക് ഭക്ഷണം പാകം ചെയ്യേണ്ടി വരുമ്പോൾ 800 ൽ കൂടുതലായി വരുന്ന ഓരോ കുട്ടിക്കും ഒരു രൂപാ ക്രമത്തിൽ പരമാവധി 150 (നൂറ്റി അൻപത്) രൂപ 3 തൊഴിലാളികൾക്കും കൂടി സ്പെഷ്യൽ അലവൻസ് അനുവദിക്കേണ്ടതുമാണ്.

6. ഉച്ചഭക്ഷണത്തിന് മുമ്പോ, ശേഷമോ ഒരു നേരം ലഘുഭക്ഷണം പാകം ചെയ്ത് നൽകുന്ന പക്ഷം ആയതിനുള്ള പ്രത്യേക വേതനമായി ദിവസ വേതനത്തിന്റെ പത്ത് ശതമാനവും, രണ്ട് നേരം ഭക്ഷണം പാചകം ചെയ്യുന്ന പക്ഷം ദിവസ വേതനത്തിന്റെ ഇരുപത് ശതമാനവും വരുന്ന തുക അതാത് ദിവസത്തെ അധിക വേതനമായി നൽകേണ്ടതാണ്.

7. സ്കൂളുകളിൽ ജോലിക്കായി ഹാജരാകുന്ന പ്രവൃത്തി ദിവസങ്ങളിൽ മേൽപറഞ്ഞ അടിസ്ഥാന വേതനം ഉറപ്പാക്കണം. എന്നാൽ തൊഴിൽ ചെയ്യുന്ന ദിവസങ്ങളിൽ മാത്രമേ സ്പെഷ്യൽ അലവൻസിന് അർഹതയുള്ളൂ എന്നും വ്യവസ്ഥ ചെയ്യുന്നു.

---

ഗവർണറുടെ ഉത്തരവിൻപ്രകാരം,
ടോം ജോസ്,
ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.

**GOVERNMENT OF KERALA**
**Labour and Skills (E) Department**
**NOTIFICATION**

No. 8294/E1/2015/LBR Dated, Thiruvananthapuram, 8th October, 2015.
22nd Kanni, 1191.

The following proposal for the revision of minimum rates of wages which the Government of Kerala propose to make in exercise of the powers conferred by clause (b) of sub-section (1) of section 3 of the Minimum Wages Act, 1948 (Central Act 11 of 1948), as payable to the employees employed in 'Mid Day Meal Scheme in Schools' in the State, as specified below, are hereby published for the information of all persons likely to be affected thereby, as required by clause (b) of sub-section(1) of section 5 of the said Act.

Notice is hereby given that the proposal will be taken up for consideration on or after two months from the date of publication of this notification in the Gazette and the objections and suggestions, if any, that may be received from any person with respect to the said proposals on or before the date specified above will be considered by the Government. All objections and suggestions shall be addressed to the Principal Secretary to Government, Labour and Skills (E) Department, Government Secretariat, Thiruvananthapuram - 695 001.

Wage rates and Conditions

1. The wage rate per day fixed for the employees in this sector is Rs. 350/- (Rupees three hundred and fifty only)

2. All the employees who have completed five years of service in this sector are to be paid service weightage included in their basic wages at the rate of one percent for every completed year of their service subject to a maximum of fifteen percentage.

3. An employee should have prepared the mid day meal for minimum 250 children in order to avail the minimum rates of wages prescribed above and also an employee has to be paid special allowance at the rate of one rupee for every child above the number of children ranging from 250 to 300 subject to a maximum of Rs. 50 (Rupees fifty) per day.

4. Two employees should be engaged for the preparation of mid day meal when the number of children exceeds 300, subject to a maximum of 500 and they also have to be paid special allowance at the rate of one rupee for every child above the number of children ranging from 500 to 600 subject to a maximum of Rs. 100/- (Rupees one hundred) per day.

5. Three employees should be engaged in the preparation of mid day meal for the number of children exceeding from 600 and they also have to be paid special allowance at the rate of one rupee for every child above the number of children ranging from 800 subject to a maximum of Rs.150 (Rupees one hundred and fifty ) per day.

6. The employees are eligible for additional wages at the rate of twenty percent of the daily wage when light refreshments are being provided twice a day before and after the mid day meal session and also eligible for additional wages at the rate of ten percent of the daily wage when light refreshment is being provided once in a day either before or after the mid day meal session.

7. The minimum wages as said above should be ensured to all the employees who are attending on all working days in the schools. But the special allowance should only be provided on the days of preparation of mid day meal.

By order of the Governor,
Tom Jose,
Principal Secretary to Government.